**<u>15 -ാം കേരള നിയമസഭ</u>**

**<u>14 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2236</u>** **<u>30-09-2025 - ൽ മറുപടിയ്ക്ക്</u>**

**<u>അമീബിക് മസ്തിഷ്കജ്വര ലാബ് ടെസ്റ്റ്</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. അബ്ദുൽ ഹമീദ്** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | അമീബിക് മസ്തിഷ്കജ്വരം പരിശോധിക്കാനുള്ള ലാബ് ടെസ്റ്റ് നടത്തുന്നതിന് നിലവിൽ എവിടെയെല്ലാം സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്; അറിയിക്കാമോ; | (എ) | അമീബിക് മസ്തിഷ്കജ്വരം രണ്ട് തരം ലാബ് പരിശോധനയിലൂടെ സ്ഥിരീകരിക്കുന്നുണ്ട്.<br><br>**A) Cerebrospinal Fluid (CSF) സ്രവത്തിന്റെ Wet film Microscopy**<br><br>രോഗലക്ഷണങ്ങളുമായി വരുന്ന രോഗികളിൽ പ്രാഥമികമായി ചെയ്യുന്ന പരിശോധനയാണ് Cerebrospinal Fluid (CSF) സ്രവത്തിന്റെ Wet film Microscopy. നട്ടെല്ലിൽ നിന്നും കുത്തിയെടുക്കുന്ന CSF സ്രവം മൈക്രോസ്കോപ്പിൽ കൂടി പരിശോധിക്കുമ്പോൾ അമീബയുടെ സാന്നിധ്യം നേരിട്ട് കാണുവാൻ സാധിക്കുന്നു. എന്നാൽ പരിശീലനം നേടിയ മൈക്രോബയോളജിസ്റ്റുകൾ പരിശോധിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഇത്തരത്തിൽ വൈദഗ്ധ്യമുള്ള മൈക്രോബയോളജിസ്റ്റും മൈക്രോസ്കോപ്പി ചെയ്യാനുള്ള സംവിധാനവുമുള്ള എല്ലാ ലാബുകളിലും ഈ പരിശോധന ചെയ്യാവുന്നതാണ്. സർക്കാർ മൈക്രോബയോളജി ലാബുകളിലും ടി സംവിധാനം ലഭ്യമാണ്. കൂടാതെ വിവിധ സ്വകാര്യ മൈക്രോബയോളജി ലാബുകളും ടി പരിശോധന നടത്തി റിപ്പോർട്ട് നൽകുന്നുണ്ട്.<br><br>**B) Cerebrospinal Fluid (CSF) PCR പരിശോധന**<br><br>നിലവിൽ അമീബിക് മസ്തിഷ്കജ്വരം സംബന്ധിച്ച് പി.സി.ആർ പരിശോധന തിരുവനന്തപുരം സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബിൽ ലഭ്യമാണ്. Naegleria, Acanthamoeba and Balamuthia എന്നീ വകഭേദങ്ങൾക്ക് ആവശ്യമായ പോസിറ്റീവ് കൺട്രോൾസ് ശേഖരിച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി (ഐ.എ.വി) RT-PCR |

| | | | |
|---|---|---|---|
| | | | അധിഷ്ഠിത പരിശോധനാ സൗകര്യങ്ങൾ വികസിപ്പിച്ചിട്ടുണ്ട്. |
| (ബി) | ഈ സൗകര്യം കോഴിക്കോട് മെഡിക്കൽ കോളേജിൽ ലഭ്യമാണോ; | (ബി) | നിലവിൽ Cerebrospinal Fluid (CSF) സ്രവത്തിന്റെ Wet film Microscopy പരിശോധന കോഴിക്കോട് മെഡിക്കൽ കോളേജിൽ ലഭ്യമാണ്. ഇപ്രകാരം ഇതുവരെ 32 അമീബിക് മസ്തിഷ്കജ്വര കേസുകൾ കോഴിക്കോട് മെഡിക്കൽ കോളേജിൽ കണ്ടെത്തിയിട്ടുണ്ട്. |
| (സി) | അടുത്തിടെ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്ത മസ്തികജ്വരം മൂലമുള്ള മരണങ്ങളിൽ ഏറ്റവും അധികം മലബാർ മേഖലയിൽ ആണെന്നിരിക്കെ, കോഴിക്കോട് മെഡിക്കൽ കോളേജിൽ ഈ സൗകര്യം ഒരുക്കാൻ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | നിലവിൽ Cerebrospinal Fluid (CSF) സ്രവത്തിന്റെ Wet film Microscopy പരിശോധന കോഴിക്കോട് മെഡിക്കൽ കോളേജിൽ ലഭ്യമാണ്. ഇപ്രകാരം ഇതുവരെ 32 അമീബിക് മസ്തിഷ്കജ്വര കേസുകൾ കോഴിക്കോട് മെഡിക്കൽ കോളേജിൽ കണ്ടെത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ